പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3952 — 15.03. 2017 ൽ മറുപടിക്ക്

**ജീവനക്കാർക്ക് യൂണിഫോം**

| ചോദ്യം | ഉത്തരം |
|---|---|
| വി.കെ.സി.മമ്മദ് കോയ | ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള ഏതൊക്കെ വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ ജീവനക്കാർക്ക് യൂണിഫോം നിഷ്കർഷിച്ചിട്ടുണ്ട്; | (എ) ലൈൻമാൻ, മസ്ദൂർ, സ്വീപ്പർ (പി.റ്റി.സി. ഉൾപ്പെടെ) എന്നീ തസ്തികയിലുള്ള ജീവനക്കാർക്ക് യൂണിഫോം നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) പ്രതിവർഷം എത്ര മീറ്റർ തുണി ഇതിനായി വാങ്ങി നൽകുന്നുണ്ട്; | (ബി) വൈദ്യുതി ബോർഡിൽ ജീവനക്കാർക്ക് യൂണിഫോമിനായി തുണി വാങ്ങി നൽകുന്നില്ല. പി.റ്റി.സി. സ്വീപ്പർമാർക്ക് 1500 രൂപയും ബി.ഡി.പി.പി., കെ.ഡി.പി.പി. എന്നിവിടങ്ങളിലെ ജീവനക്കാർക്ക് 2800 രൂപയും മറ്റ് ഇതര ഓഫീസുകളിലെ ജീവനക്കാർക്ക് 3000 രൂപയുമാണ് അലവൻസായി നൽകുന്നത്. |
| (സി) എത്ര ജീവനക്കാർക്ക് യൂണിഫോം അലവൻസ് നൽകുന്നുണ്ട്; എത്ര യൂണിറ്റ് യൂണിഫോമിനു വേണ്ടിയാണ് അലവൻസ് നൽകുന്നത്; | (സി)<br>മൊത്തം ലൈൻമാൻമാർ: 9142<br>മസ്ദൂർ: 5342<br>സ്വീപ്പർമാർ (പി.റ്റി.സി.): 316<br>എത്ര യൂണിറ്റെന്ന് നിഷ്കർഷിക്കുന്നില്ല. |
| (ഡി) മറ്റാവശ്യങ്ങൾക്ക് വേണ്ടി (മേശ വിരി, കിടക്ക വിരി മുതലായവ) പ്രതിവർഷം എത്ര മീറ്റർ തുണി വാങ്ങുന്നുണ്ട്; | (ഡി). മറ്റാവശ്യങ്ങൾക്ക് കേന്ദ്രീകൃതമായി തുണി വാങ്ങുന്നില്ല. അതാത് ഓഫീസ് മേലധികാരികൾ ആവശ്യമുണ്ടെങ്കിൽ അതിനനുസരിച്ച് വാങ്ങുകയാണ് ചെയ്യുന്നത്. |
| (ഇ) സർക്കാർ ചെലവിൽ വാങ്ങുന്ന ഇത്തരം തുണിത്തരങ്ങൾ സർക്കാർ ഉടമസ്ഥതയിലുള്ള മില്ലുകളിൽ നിന്നോ ഖാദി, കൈത്തറി എന്നിവിടങ്ങളിൽ നിന്നോ വാങ്ങുന്ന കാര്യം നിർബന്ധമാക്കുവാൻ സാധിക്കുമോ? | (ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ